ദർശനങ്ങളുടെയും ജീവിത ശൈലിയിൽ ബലികഴിച്ച് തികച്ചും മതനിഷ്ഠതയോടെ ബന്ധുമിത്രാദികളുടെ ഇച്ഛയ്ക്കനുസരിച്ച് മൃതദേഹ സംസ്കരണം നടത്തിവരുന്നത് വ്യക്തി സ്വാതന്ത്ര്യത്തിന്റെയും ന്യൂനപക്ഷ അവകാശത്തിന് നിരർത്ഥകവും അപഹാസ്യവുമായതുകൊണ്ട് 2010-ലെ കേരള മതനിരപേക്ഷ മൃതദേഹസംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇങ്ങനെ ഒരു പ്രത്യേക നിയമത്തിന്റെ ആവശ്യം ഉണ്ടെന്ന് സർക്കാർ കരുതുന്നില്ല.

മി. സ്പീക്കർ : ഇതിൽ ഇനി തുടർ ചർച്ചയുടെ ആവശ്യമില്ല. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്, അങ്ങ് പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

(ii) 2010-ലെ കേരള മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. എം. മുരളി എം.എൽ.എ. നോട്ടീസ് നൽകിയത്.)

ശ്രീ. എം. മുരളി : സർ, 2010-ലെ കേരള മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ, മൺപാത്രനിർമ്മാണ തൊഴിലാളികൾ 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളാണ്. അവർക്ക് അതു വഴിയുള്ള എല്ലാ ആനുകൂല്യങ്ങളും അതായത് റിട്ടയർമെന്റ് ആനുകൂല്യം, മരണാനന്തര ആനുകൂല്യം, ചികിത്സാ സഹായം, അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് ഇവയെല്ലാം ലഭിക്കുന്നുണ്ട്. ഇതിനു പുറമേ ലേബർ വെൽഫയർ ഫണ്ടുമായി ബന്ധപ്പെട്ട് അതിന്റെ ഭാഗമായി മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകുകയാണ്. അതുകൊണ്ട് പ്രത്യേക നിയമത്തിന്റെ ആവശ്യമില്ല.

ശ്രീ. എം. മുരളി : സർ, കേരളത്തിലെ പരമ്പരാഗതമേഖലയിൽ കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലപോലുള്ള ഒരു മേഖലയാണ് മൺപാത്ര നിർമ്മാണ തൊഴിൽ മേഖല. പഴയ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലുമൊക്കെയായി നിരവധി പ്രദേശങ്ങളിൽ ഏതാണ്ട് പത്ത് ലക്ഷത്തിൽ താഴെ കുടുംബാംഗങ്ങൾ ഒരു കുലത്തൊഴിൽ എന്നുള്ള നിലയിൽ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവർ നമ്മുടെ ക്ഷേമ നിധിയിലുണ്ടെന്ന് പറഞ്ഞാലും നൂറ്റാണ്ടുകളായി ഈ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നവർ ഇന്ന് വലിയൊരു പ്രതിസന്ധിയിലാണ്. മൺപാത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് സർക്കാർ രൂപം

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അനുദിനം തകർന്നുകൊണ്ടിരിക്കുന്ന ഈ പാരമ്പര്യ തൊഴിൽ മേഖലയേയും ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളേയും സംരക്ഷിക്കാൻ ഉതകുന്നതുമായ ഒരു പദ്ധതിയായി അത് മാറണമെന്ന് അഭ്യർത്ഥതഥിക്കുകയാണ്. കലം മെനയുന്ന കുലങ്ങളിൽ കണ്ണുനീർ എന്ന് ആലങ്കാരികമായിട്ട് പറയുന്നുണ്ടെങ്കിലും ഒരു ജീവിത ദുഃഖം ഉയർത്തി പിടിച്ചുകൊണ്ടുതന്നെ അങ്ങനെ പറയേണ്ടിവരും. പാരമ്പര്യത്തിന്റെ പെരുമ മാത്രം അവശേഷിപ്പിച്ച് കേരളത്തിലെ മൺപാത്ര വ്യവസായങ്ങൾ ഇന്ന് മണ്ണടിഞ്ഞു കൊണ്ടിരിക്കുകയാണ്. നാളെ ആറ്റുകാൽ പൊങ്കാലയാണ്. ഇന്ന് കേരളത്തിൽ ആറ്റുകാൽ പൊങ്കാലപോലെയുള്ള ഉത്സവസീസണുകളിലും ഓണക്കാലത്തുമാണ് മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നത്. ഇന്ന് ഈ ഉല്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സംവിധാനമില്ല. സ്വദേശത്തും വിദേശത്തും മൺപാത്രങ്ങൾ കയറ്റി അയയ്ക്കാനുള്ള യാതൊരു സംവിധാനവും സർക്കാർ ഏർപ്പെടുത്തി കൊടുക്കുന്നില്ല. ഈ പാരമ്പര്യ വ്യവസായത്തെ സംരക്ഷിക്കണമെന്നുള്ള ഉദ്ദേശമാണ് അങ്ങ് തയ്യാറാക്കുന്ന സ്കീമിലുള്ളതെങ്കിൽ രാജ്യത്തിനകത്തും പുറത്തും മൺപാത്രങ്ങളും മറ്റ് അനുബന്ധ ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കാനും വിപണനം നടത്താനുമുള്ള ഒരു സാഹചര്യം ആ സ്കീമിൽ ഉൾപ്പെടുത്തണമെന്നാണ് ഞാനിവിടെ ഉദ്ദേശിക്കുന്നത്. അസംസ്കൃത വസ്തുക്കളായ കളിമണ്ണിന്റെയും ചെളിയുടെയും ദൗർലഭ്യവും അത് ലഭ്യമാക്കുന്നതിനുള്ള നിയമ തടസ്സങ്ങളും ഈ വ്യവസായത്തെ ആകെ തകർത്തിട്ടുണ്ട്. കേരളത്തിന്റെ അല്ലെങ്കിൽ തിരുവിതാംകൂറിന്റെ തെക്കൻ മേഖലയിലെ മൺപാത്ര നിർമ്മാതാക്കളെ കടത്തിവെട്ടിക്കൊണ്ട് തമിഴ്നാട്ടിൽ നിന്ന് മൺപാത്രങ്ങൾ കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഇവിടേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും പ്രത്യേകിച്ച് തമിഴ്നാട്ടിൽനിന്നും മൺപാത്രങ്ങൾ വരുന്നതുവഴി നമ്മുടെ പാരമ്പര്യ തൊഴിലാളികളുടെ കഞ്ഞിയിൽ മണ്ണിടുകയാണ് ചെയ്യുന്നത്. കൊശവകുടിലുകളിൽനിന്നും വറുതിയുടെ പുക ഉയരുന്ന ഈ സാഹചര്യത്തെ ഗവൺമെന്റ് ഗൗരവത്തോടുകൂടി കാണണം. അവരുടെ ജീവിതം ദുരിതപൂർണ്ണമായി തുടരുകയാണ്. ഈ ക്ഷേമനിധിയിൽ അവരെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് അവർ അറിഞ്ഞിട്ടുണ്ടാവില്ല,. അതുകൊണ്ട് ഇക്കാര്യം അവർ അറിയാനുള്ള സാദ്ധ്യതയുണ്ടാക്കണം. അവരുടെ ഭാഗത്തുനിന്ന് നാമമാത്രമായിട്ടുള്ളവരാണ് ഇതിൽ അംശദായം അടയ്ക്കുകയും ഈ ക്ഷേമപദ്ധതിയിൽ അംഗങ്ങളാകുകയും ചെയ്തിട്ടുള്ളത്.

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, മൺപാത്ര തൊഴിലാളികളുടെ സംസ്ഥാന സമ്മേളനം നടന്നത് എന്റെ മണ്ഡലത്തിലാണ്. മൺപാത്രതൊഴിലാളികളെ സംരക്ഷിക്കാൻവേണ്ടി ക്ഷേമനിധിയും രണ്ട് രൂപയ്ക്ക് അരിയും നൽകിയ എൽ.ഡി.എഫ്. ഗവൺമെന്റിന് അഭിവാദ്യങ്ങൾ എന്നാണ് അവർ പാസ്സാക്കിയ ഒരു പ്രമേയത്തിൽ പറയുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ആളുകൾ ഇവിടെ വന്നിട്ടുണ്ട്. ആ വസ്തുത പത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുണ്ട്, ഞാൻ സാക്ഷിയാണ്. പക്ഷേ അങ്ങ് പറയുന്നത് അവർ അറിയുന്നില്ലെന്നാണ്. അത് മാത്രമല്ല, വേറൊരു വിഷയം കൂടിയുണ്ട്. ചില ആളുകൾ ഈ ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനും വന്നിട്ടുണ്ട്. രണ്ട് രൂപയ്ക്ക് അരി കിട്ടണമെങ്കിൽ സമുദായ മെമ്പർഷിപ്പ് എടുക്കണമെന്ന് പറയുന്ന പ്രശ്നവും അവർ ചർച്ച ചെയ്തിട്ടുണ്ട്. അപ്പോൾ നിങ്ങൾ പറയുന്നത് വസ്തുതയല്ല എന്നുള്ളതിന് ഞാൻ വ്യക്തമായ തെളിവ് നൽകാം.

ശ്രീ. എം. മുരളി : ഞാൻ വസ്തുതാപരമായി മാത്രമേ ഈ സഭയിൽ സംസാരിക്കുകയുള്ളൂ. നമ്മൾ തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന ഒരു പാടുപേരെ ക്ഷേമനിധികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, ഓരോ തൊഴിൽ മേഖലയിലും പണിയെടുക്കുന്ന പത്ത് ശതമാനം തൊഴിലാളികളെപോലും ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കാനും ക്ഷേമനിധികളെ ശക്തിപ്പെടുത്താനും കഴിയുന്നില്ല. അതിൽ ട്രേഡ് യൂണിയനുകളും പരാജയപ്പെടുന്നുവെന്ന ആക്ഷേപം എനിക്കുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : അങ്ങ് ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. കാരണം മൺപാത്രനിർമ്മാണ തൊഴിൽ രംഗത്തെ ധാരാളം കേന്ദ്രങ്ങളിൽ ഈ അടുത്ത കാലത്ത് നിയമസഭാ സമിതിയുടെ ഭാഗമായി സന്ദർശിക്കാൻ ഇടവന്നിട്ടുണ്ട്. അവരുടെ അവസ്ഥ വളരെ പരിതാപകരമാണെന്നു മാത്രമല്ല, ഒരു ലോഡ് കളിമണ്ണ് കൊണ്ടുവരാൻ അവർക്ക് 8000 -ത്തോളം രൂപ വേണം. 8000 രൂപ ചെലവഴിച്ച് കളിമണ്ണ് കൊണ്ടുവന്നാൽ ഒരിക്കലും ഇത് വിറ്റ് ലാഭമുണ്ടാക്കാൻ കഴിയുകയില്ല. രാവിലെ മുതൽ വൈകുന്നേരം വരെ കഠിനാദ്ധ്വാനം ചെയ്താലും കേവലം 200 രൂപ വരെയാണ് അവർക്ക് ഉണ്ടാക്കാൻ സാധിക്കുന്നത്. എന്നുമാത്രമല്ല, ഇത് വിറ്റഴിക്കാൻ ഏറെ പ്രയാസപ്പെടുകയുമാണ്. ചില ജില്ലകളിൽ പല ചെറുപ്പക്കാരും മൺപാത്ര നിർമ്മാണ പ്രവർത്തനങ്ങൾ ഉപേക്ഷിച്ച് കാവടിയാട്ടത്തിന് പോയി ജീവിതം നിലനിർത്താൻ ശ്രമിക്കുന്നുണ്ട്. കാവടിയാട്ടമാണ് മൺപാത്ര തൊഴിലാളികളായ ചെറുപ്പക്കാർ ഏറ്റെടുത്തിരിക്കുന്നത്, കാരണം അവർക്ക് വേറൊരു തൊഴിൽ ചെയ്യാൻ അറിയില്ല. വിദ്യാഭ്യാസ രംഗത്തും അവർ ഏറെ പിന്നിലാണ്. തീർച്ചയായും വളരെ പ്രധാനപ്പെട്ട ഒരു വിഭാഗവുമായി ബന്ധപ്പെട്ട വിഷയമാണ് അങ്ങ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്ന കാര്യം ശ്രദ്ധേയമാണ്.

ശ്രീ. എം. മുരളി : ഒരു ലോഡ് കളിമണ്ണ് അല്ലെങ്കിൽ ചെളി 500 രൂപയ്ക്ക് കിട്ടുമായിരുന്നു. പക്ഷേ, ഇന്ന് 8000 രൂപയ്ക്കുപോലും കിട്ടുകയില്ല. ഇന്ന് പതിനായിരമോ പതിനയ്യായിരമോ ഇരുപതിനായിരമോ രൂപവരെ കളിമണ്ണിന് വേണ്ടി വരുന്നു. മിതമായ വിലയ്ക്ക് അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കാൻ കഴിയണം. ഇത് പാരമ്പര്യ വ്യവസായമാണ്, ആധുനികവ്യവസായമാണ്.

മി. സ്പീക്കർ : ശ്രീ. എം. മുരളി, മണ്ണ് മാത്രം പോര, വിറകും കൂടി വേണം. അതിന് കാശ് കൂടുതലാണ്.

ശ്രീ. എം. മുരളി: വൈക്കോലും വിറകും വേണം. അതിനും വലിയ വില വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. അതുകൊണ്ടാണ് തമിഴ്നാട്ടിൽ നിന്നും കുറഞ്ഞ വിലയ്ക്ക് വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : മൺപാത്ര വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ഏറ്റവും കൂടുതൽ ദ്രോഹിക്കുന്നത് ഈ ഗവൺമെന്റിലെ സി.പി.ഐ. മന്ത്രിമാരാണ്. ഉദാഹരണത്തിന് വിറക് എടുക്കുന്നതിന് മുമ്പുണ്ടായിരുന്ന സൗകര്യങ്ങളൊക്കെ ശ്രീ. ബിനോയ് വിശ്വം മുടക്കിക്കളഞ്ഞു,. അതു പോലെ പണം കൊടുത്താലും മണ്ണ് കിട്ടാത്ത അവസ്ഥയാണുള്ളത്. മണ്ണ് എടുക്കാൻ കഴിയാത്ത സാഹചര്യം റവന്യൂ വകുപ്പുമന്ത്രിയും ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് വാസ്തവത്തിൽ ഇവർ മുഴുപട്ടിണിയിലാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. മുരളി: അങ്ങ് പറഞ്ഞത് ശരിയാണ്. ഇപ്പോൾ സി.പി.ഐ. മന്ത്രിമാർ ഈ വകുപ്പ് ഭരിക്കുന്നു എന്നതുകൊണ്ട് മാത്രമല്ല, ഈ രണ്ട് വകുപ്പുകളിലും സോഫ്റ്റ് വുഡുകളുടെ കാര്യത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ, സോഫ്റ്റ് വുഡുകളുടെ കാര്യത്തിൽ ഉണ്ടാക്കിയിരിക്കുന്ന നിയമപരമായ തടസ്സങ്ങൾ, നെൽവയൽ നികത്തൽ, മണ്ണെടുപ്പിനെതിരായിട്ടുള്ള ഓർഡറുകളും നിയമങ്ങളും എല്ലാം ഉണ്ടാക്കിയിരിക്കുന്ന ഒരു പ്രതിസന്ധിയുടെ ബലിയാടുകളായി ഇന്ന് മൺപാത്രനിർമ്മാണ തൊഴിലാളികൾ മാറിയിരിക്കുകയാണ്.

ശ്രീ. എം. ചന്ദ്രൻ : മൺപാത്ര തൊഴിലാളികൾ പരമ്പരാഗതമായി ഒരു ജാതിയുടെ തൊഴിലായിട്ടാണ് മലബാർ മേഖലയിലൊക്കെ വളർന്നുവന്നിരിക്കുന്നത്. അവർ ഒരു പ്രത്യേക ജാതിയാണ്. കുംഭാരന്മാർ എന്നാണ് അവർ അറിയപ്പെടുന്നത്. അവരിൽ ബഹുഭൂരിപക്ഷവും ശരിയായ രീതിയിലുള്ള മലയാള ഭാഷയല്ല സംസാരിക്കുന്നത്. ഭാഷ വ്യത്യസ്തമാണ്. തെലുങ്കും മലയാളവും കൂടി സങ്കരമായിട്ടുള്ള ഒരു ഭാഷയാണ്. അവരുടെ കുട്ടികൾ സ്കൂളികളിൽ പോവുകയോ വിദ്യാഭ്യാസം നേടുകയോ ചെയ്യുന്നില്ല. അവരുടെ സംസ്കാരവും ഭാഷയും സംരക്ഷിച്ചുകൊണ്ട് നിലനിൽക്കുന്നവരാണ്. അതുകൊണ്ട് ഇതിലൊരു തൊഴിൽ പ്രശ്നം മാത്രമല്ല, സാമൂഹ്യപ്രശ്നം കൂടി അടങ്ങിയിട്ടുണ്ട്. അവർക്ക് ഇപ്പോൾ പട്ടികജാതി സംവരണം വേണമെന്നാണ് ആവശ്യപ്പെടുന്നത്. പക്ഷേ, പട്ടികജാതിക്കാരെക്കാളും മോശമാണ് അവരുടെ അവസ്ഥ. ഇപ്പോൾ അവരെ ഒ.ബി.സി. വിഭാഗത്തിലാണ് പെടുത്തിയിട്ടുള്ളത്. അതിൽ മാറ്റം വരുത്തണമെന്ന് അങ്ങേക്ക് അഭിപ്രായമുണ്ടോ ?

ശ്രീ. എം. മുരളി : ശ്രീ. എം. ചന്ദ്രൻ പറഞ്ഞത് നൂറുശതമാനവും ശരിയാണ്. അവരെ കുംഭാരന്മാർ എന്നാണ് അങ്ങയുടെ പ്രദേശത്ത് അറിയപ്പെടുന്നത്. ചിലയിടത്ത് കുലാലന്മാരെന്നും ചിലയിടത്ത് കുശവന്മാരെന്നും ചില സ്ഥലങ്ങളിൽ വേളാർ സമുദായമെന്നുമാണ് അറിയപ്പെടുന്നത്. അപ്പോൾ കൊച്ചിയിലും മലബാറിലും തിരുവിതാംകൂറിലും നൂറ്റാണ്ടുകളായി പല സമുദായപേരുകളിൽ അറിയപ്പെടുന്ന ഏതാണ്ട് ഒന്നരലക്ഷം കുടുംബങ്ങൾ ഇന്നും നമ്മുടെ സംസ്ഥാനത്തുണ്ട്. സമൂഹത്തിൽ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും സാമ്പത്തികമായും വളരെ പിന്നോക്കംനിൽക്കുന്ന ഈ സമുദായത്തിന്റെ സംവരണാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. കൂടാതെ അവരെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവതരമായി ചിന്തിക്കേണ്ടതുമുണ്ട്. കാരണം, അവർ സമൂഹത്തിന്റെ അഗണ്യ

കോടിയിൽ തള്ളപ്പെട്ടവരായതുകൊണ്ട് അവർക്ക് ഒരുരീതിയിലും മുന്നോട്ടുവരാൻ സാമൂഹ്യ പിന്നോക്കാവസ്ഥ അനുവദിക്കുന്നില്ല. തൊഴിൽ രംഗത്ത് ഉറച്ചുനിന്നുകൊണ്ട് സാമ്പത്തികവളർച്ച കൈവരിക്കാൻ കഴിയാത്ത പ്രതിസന്ധികളും ദശാസന്ധികളുമാണ് ഇന്ന് അവരുടെ ജീവിതത്തിലും തൊഴിൽ രംഗത്തും കുടുംബ ജീവിതത്തിലും സംജാതമായിരിക്കുന്നത്. അതുകൊണ്ടാണ് ഈ നിയമസഭയുടെ സ്വകാര്യ നിയമങ്ങൾ പരിഗണിക്കുന്ന അവസാനത്തെ ദിവസമായ ഇന്ന് ഈ നിയമം കൊണ്ടുവരുവാനുള്ള കാരണം. ഇതുവരെ ശ്രദ്ധയിൽപ്പെടാതിരുന്ന ഒരു വിഷയം എന്നുള്ള നിലയ്ക്ക്, ഞാൻ ഒരു കാര്യം കൂടി പറഞ്ഞിട്ട് പ്രസംഗം അവസാനിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽകുമാർ: ഇവിടെ മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ചുള്ള ബില്ലാണ് ബഹുമാനപ്പെട്ട അംഗം എം. മുരളി അവതരിപ്പിക്കുന്നത്. ഇതിൽ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അവർക്ക് കളിമണ്ണ് കിട്ടുന്നില്ല എന്നുള്ളതാണ്. അത് വളരെ ശരിയാണ്. കളിമണ്ണ് ലഭ്യമാക്കണമെന്നുള്ള കാര്യത്തിൽ നമുക്കാർക്കും തർക്കമില്ല. പക്ഷേ, ബഹുമാനപ്പെട്ട അംഗം ആര്യാടൻ മുഹമ്മദ് ഇവിടെ പറഞ്ഞത് സി.പി.ഐ.-യുടെ മന്ത്രിമാരായ വനം വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും കുഴപ്പക്കാരാണെന്ന് പറയുന്നത് ശരിയല്ല. കേരളത്തിൽ നിലനിൽക്കുന്ന നിയമങ്ങൾ അനുസരിച്ചാണ് ഈ മന്ത്രിമാർ ഇവിടെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. നിയമപരമായി മണ്ണെടുക്കുന്നതിന് ഇവിടെ തടസ്സമൊന്നുമില്ല. നിയമവിരുദ്ധമായി ചില കാര്യങ്ങൾ ചെയ്യുന്നതിന് മന്ത്രിമാർ എന്നുള്ള നിലയിൽ ഇടപെട്ട് കാണുമെന്നല്ലാതെ മൺപാത്ര നിർമ്മാണത്തൊഴിലാളികൾക്ക് കളിമണ്ണ് കിട്ടാതിരിക്കുന്നതിന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മന്ത്രിമാരാണ് തടസ്സം എന്ന് പറയുന്നതിനോട് ഒരിക്കലും യോജിക്കാൻ കഴിയില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മന്ത്രിമാർ ഒരിക്കലും മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് മണ്ണ് കൊടുക്കുന്നതിനോട് എതിർപ്പ് പ്രകടിപ്പിച്ചിട്ടില്ല എന്നുമാത്രമല്ല, ആ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ കുടുംബങ്ങൾ സംരക്ഷിക്കുവാൻ വേണ്ടിയും അവർക്കാവശ്യമായ കളിമണ്ണ് കൊടുക്കുവാനുമുള്ള നടപടിയെടുത്തുകൊണ്ടിരിക്കുന്നു. നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ മണ്ണ് ലഭ്യമാക്കുന്നതിനുള്ള സ്കേഴ്സിറ്റി വന്നുകൊണ്ടിരിക്കുന്നു എന്ന വിഷയത്തെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്. അതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. മുരളി: ശ്രീ. ആര്യാടൻ മുഹമ്മദ് ആലങ്കാരികമായി അല്ലെങ്കിൽ സന്ദർഭവശാൽ പറഞ്ഞുവെന്നേയുള്ളൂ. യഥാർത്ഥത്തിൽ ഈ രംഗത്ത് നിൽക്കുന്ന നിയമപരമായ തടസ്സങ്ങളും ഈ വ്യവസായത്തെ തളർത്തിയെന്നതാണ് വസ്തുത. ഇവിടെ മൺപാത്ര നിർമ്മാണം മാത്രമല്ല, ഓട്.....

ശ്രീമതി ജെ. അരുന്ധതി: ഇവിടെ മണ്ണ് എടുക്കുന്നതിനെ സംബന്ധിച്ച് നമ്മുടെ സംഘടനയുടെ ആളുകൾ പറഞ്ഞതും അനുഭവത്തിൽ ഉള്ളതും പാരിസ്ഥിതിക പ്രശ്നത്തിൽനിന്നും ഒഴിവാക്കിക്കൊടുത്തതും ഈ ഗവൺമെന്റിന്റെ കാലത്താണ്. അതുകൊണ്ട് അത്തരത്തിൽ മണ്ണ് എടുക്കുന്ന പ്രദേശങ്ങളിൽ ഇവർ കേസ്സിൽ പ്രതിയല്ലാതെ ഇപ്പോൾ സ്വയം മണ്ണ് എടുക്കുന്നതിനുള്ള സൗകര്യം ഈ ഗവൺമെന്റ് ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമായിട്ടുള്ള കാര്യമാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: അങ്ങ് തൃശൂർ ജില്ലിയിൽ നിന്നുള്ള ജനപ്രതിനിധി കൂടിയാണല്ലോ, ഇവിടെ മൺപാത്രം നിർമ്മാണത്തിൽ മാത്രമല്ല ഓട് നിർമ്മാണത്തിലും പ്രതിസന്ധിയുണ്ട്. ഓട് കമ്പനികൾ മുഴുവൻ ഏതാണ്ട് അടച്ചുപൂട്ടൽ ഭീഷണിയിലാണ്. ഇവിടെ വന്നുകൊണ്ടിരിക്കുന്ന പ്രതിസന്ധി എന്നു പറഞ്ഞാൽ, തമിഴ്നാട്ടിൽനിന്നും കളിമൺപാത്രങ്ങളും മൺപാത്രങ്ങളും വരുന്നു വെന്നുള്ളതുകൊണ്ട് മാത്രമല്ല അലുമിനിയവും അലോയിയും പ്ലാസ്റ്റിക്ക് പാത്രങ്ങളും കടന്നുവന്നതോടെ കളിമൺ പാത്രങ്ങൾ കാലംചെയ്യുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. സിമെന്റ് പൂച്ചട്ടികൾ വന്നതോടെ പൂച്ചട്ടി നിർമ്മാണവും ആസ്ബസ്റ്റോസ് ഉൾപ്പെടെയുള്ള പുതിയ പുതിയ രീതികൾ വന്നതോടെ ഓട് നിർമ്മാണവും പ്രതിസന്ധിയിലാണ്. വ്യാവസായിക അടിസ്ഥാനത്തിൽ മണ്ണിൽനിന്നും കൗതുക വസ്തുക്കളും നിർമ്മിക്കുന്നുണ്ട്. ഈ വ്യവസായത്തെ സംരക്ഷിക്കണമെങ്കിൽ അല്ലെങ്കിൽ പാരമ്പര്യ തൊഴിൽ മേഖലയെ സംരക്ഷിക്കണമെങ്കിൽ നിയമപരമായ തടസ്സങ്ങൾക്ക് ഇളവ് അനുവദിച്ച് കൊടുക്കുകയും ഇവർക്ക് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുകയും, ചട്ടി, കലം എന്നിവ നിർമ്മിക്കുന്നവർക്ക് ആധുനിക ഉൽപ്പന്നങ്ങളുമായി മത്സരിക്കാനുള്ള മത്സരക്ഷമത ഉണ്ടാക്കിക്കൊടുക്കുകയും പൂച്ചട്ടി, ഓട് എന്നീ വ്യവസായങ്ങളെ എന്നിവയെ സംരക്ഷിക്കുകയും ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം തന്നെ ഇതിൽനിന്നും ധാരാളം കൗതുക-അലങ്കാര വസ്തുക്കൾ നിർമ്മിച്ച് വിദേശത്തേയ്ക്ക് കയറ്റി അയച്ചാൽ അതിൽ നിന്നും വിദേശ നാണ്യം നേടിയെടുക്കാനും കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിന്റെ പ്രത്യേകതയായ മൺപാത്ര നിർമ്മാണം കലങ്ങളിലും ചട്ടികളിലും മാത്രം ഒതുക്കി നിറുത്താതെ അതിനപ്പുറത്തുള്ള കരകൗശല വസ്തുക്കളുടേയും അലങ്കാര വസ്തുക്കളുടേയും കൗതുക വസ്തുക്കളുടേയും നിർമ്മാണത്തിലൂടെ വ്യാവസായികാടിസ്ഥാനത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാക്കുന്നു വെന്ന് പറഞ്ഞ സ്കീമിൽ അതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിഞ്ഞാൽ ഈ മേഖലയെ കുറേയേറെ സംരക്ഷിക്കുവാൻ കഴിയും. ഈ വിഭാഗം തൊഴിലാളികൾക്ക് ഭക്ഷണം നല്കാനും അതിലൂടെ അവരുടെ ദാരിദ്ര്യം ഒരു പരിധിവരെ അകറ്റാനും കഴിയുന്നതാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, കളിമണ്ണുമായി ബന്ധപ്പെട്ട വ്യവസായങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഒരു കാര്യം സൂചിപ്പിക്കുകയാണ്, കേരളത്തിൽ പൊതുമേഖലയിലുള്ള ഏറ്റവും വലിയ കളിമൺ വ്യവസായ സ്ഥാപനമായ കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് ലിമിറ്റഡ് സ്ഥിതിചെയ്യുന്നത് എന്റെ മണ്ഡലത്തിലാണ്. നിങ്ങൾ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളെല്ലാം സ്വീകരിച്ചുകൊണ്ടുതന്നെ കഴിഞ്ഞ അഞ്ചെട്ട് കൊല്ലക്കാലമായി ലക്ഷങ്ങളുടെ ലാഭമാണ് ആ സ്ഥാപനം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ആ നിലയ്ക്ക് കളിമൺ

വ്യവസായത്തെ ഏറ്റവും മെച്ചപ്പെട്ട നിലയ്ക്ക് ലാഭകരമായി നടത്താൻ കഴിയുമെന്നുള്ള കാര്യം കാണാനും നിലവിൽ മൺപാത്ര മേഖലയിലുള്ള ആളുകളെ ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് അക്കോമഡേറ്റ് ചെയ്യാനുമുള്ള നിലപാട് സ്വീകരിച്ചാൽ ഈ മേഖലയ്ക്കകത്തുള്ള പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും ഇവർ നേരിടുന്ന പ്രയാസങ്ങൾക്കും ഒരുപരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട അംഗം ധരിക്കുന്നുണ്ടോ ?

ശ്രീ. എം. മുരളി : സർ, ഒരു വലിയ ഇൻവെസ്റ്റ്മെന്റുള്ള വ്യവസായത്തെക്കുറിച്ചാണ് അങ്ങ് പറയുന്നത്. ആ മെക്കനൈസേഷനാണ് ഇവരെ തകർത്തത്. മെക്കനൈസേഷൻ വേണ്ട എന്നല്ല ഞാൻ പറയുന്നത്. സിറാമിക്സ് ലിമിറ്റഡ് എന്നൊക്കെ പറയുമ്പോൾതന്നെ മെക്കനൈസേഷൻ വന്നുകഴിഞ്ഞു. ആ മേഖലയെ തകർക്കണമെന്നോ അല്ലെങ്കിൽ നിരുത്സാഹപ്പെടുത്തണമെന്നോ അല്ല പറയുന്നത്, മെക്കനൈസേഷൻ വേണ്ടിവരും. പക്ഷേ ഈ പാവപ്പെട്ട തൊഴിലാളികൾ ആ മെക്കനൈസേഷന്റെ ബലിയാടുകളായി മാറരുത്.

മി. സ്പീക്കർ : ശ്രീ. എം. മുരളി ..... അങ്ങ് അവസാനിപ്പിക്കണം....

ശ്രീ. എം. മുരളി : സർ, ഞാൻ ചർച്ച അവസാനിപ്പിക്കുകയാണ്. കാരണം, പന്ത്രണ്ടാം കേരള നിയമസഭയുടെ അവസാനത്തെ സമ്മേളനത്തിലെ അനൗദ്യോഗികാംഗങ്ങളുടെ കാര്യം അവതരിപ്പിക്കുന്നതിനുള്ള ലാസ്റ്റ് ഡേ ആയതുകൊണ്ട് ഇത് തുടരാൻ സാധ്യമല്ല. കാരണം ഈ ബില്ലുകളെല്ലാം മരണംവരിക്കും. മാത്രവുമല്ല, പ്രിയപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഒരു സ്കീം അവർക്കുവേണ്ടി പ്രത്യേകമായി കൊണ്ടുവരുന്നുവെന്ന് പറയുന്നതുകൊണ്ട് എന്റെ ചർച്ച അവസാനിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. അങ്ങ് ഇവിടെ കൊണ്ടുവരുമെന്ന് പറയുന്ന സ്കീം തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനുമുമ്പ് നടപ്പിലാക്കാനുള്ള അവസരമുണ്ടാകണം. ഇന്നു സഭ പിരിഞ്ഞതിനുശേഷം അടിയന്തരമായി അങ്ങ് ആ സ്കീം സംബന്ധിച്ച ഫയൽ വരുത്തി സഭയിൽ പൊതുവിൽ വന്നിരിക്കുന്ന പരാതികളും പരിഭവങ്ങളും നിർദ്ദേശങ്ങളുമെല്ലാം പരിഗണിച്ചുകൊണ്ട് ഒരു കുലത്തൊഴിൽ എന്നുള്ള നിലയിൽ മൺപാത്ര നിർമ്മാണ തൊഴിലാളികളെ സംരക്ഷിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കാനും തകർന്നുപോയ സഹകരണ പ്രസ്ഥാനങ്ങളെ സംരക്ഷിക്കാനും തൊഴിൽ വകുപ്പ് മുൻകൈയെടുത്ത് മുന്നോട്ടുപോകാനുമുള്ള നടപടിയുണ്ടാകണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ, ഒരു തൊഴിലാളിക്ഷേമനിധി എന്നുള്ള നിലയിൽ മറ്റ് ക്ഷേമനിധി നിയമങ്ങളെപ്പോലെ തന്നെ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചതുകൊണ്ട് പ്രത്യേക ക്ഷേമനിധിയുടെ ആവശ്യമില്ല.

മി. സ്പീക്കർ : ശ്രീ. എം. മുരളി, അങ്ങ് പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. മുരളി : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

(iii) 2011-ലെ കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി ആന്റ് സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ ബിൽ

(ശ്രീ. എം. മുരളി എം.എൽ.എ. നോട്ടീസ് നൽകിയത്.)

മി. സ്പീക്കർ : ശ്രീ. എം. മുരളി, അങ്ങേക്ക് 2011-ലെ കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി ആന്റ് സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. മുരളി: സർ, 2011-ലെ കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി ആന്റ് സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പു മന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷന്റെ വിശദമായ പഠനത്തിനുശേഷം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ കുട്ടനാട് വികസന പാക്കേജ് നടപ്പിലാക്കിയത്. ഓണാട്ടുകര, അപ്പർ കുട്ടനാട്, ലോവർ കുട്ടനാട് എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന സമഗ്ര കുട്ടനാട് മേഖലയ്ക്ക് ഒരു വികസന പാക്കേജ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാനതല മേൽനോട്ടം വഹിക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായി പ്രോസ്പിരിറ്റി കൗൺസിലും ചീഫ് സെക്രട്ടറി ചെയർമാനായി ഉദ്യോഗസ്ഥ സംവിധാനവും കൂടാതെ എ. പി. സി. ചെയർമാനായി ഒരു സംവിധാനവുമുണ്ട്. ഒരു ജില്ലയിലെ പ്രവർത്തനങ്ങളെ മോണിറ്റർ ചെയ്യാനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗവൺമെന്റിനെ അറിയിക്കാനും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെടുത്താനും ജില്ലാടിസ്ഥാനത്തിൽ ജില്ലാ കളക്ടർ മേൽനോട്ടം വഹിക്കുന്ന ഒരു സംവിധാനം നിരന്തരമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ പ്രോജക്ടിന്റെ മൊത്തം നടത്തിപ്പിനായി ഒരു സ്പെഷ്യൽ ആഫീസറും ഉദ്യോഗസ്ഥരും ചേർന്ന ഒരു സംവിധാനവും നിരന്തരമായി പ്രവർത്തിക്കുന്നുണ്ട്. ഈ സംവിധാനങ്ങൾ നിലനിൽക്കെ പുതിയതായി ഒരു കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി കൂടി രൂപീകരിക്കുമ്പോൾ പൊതുവെ രണ്ട് സംവിധാനങ്ങൾ വരികയും ആ രണ്ട് സംവിധാനങ്ങൾ തമ്മിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാനും നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ തടസ്സപ്പെടാനുമിടയുണ്ട്. കുട്ടനാട് സ്പെഷ്യൽ അഗ്രികൾച്ചർ സോൺ എന്ന ഡോ. എം. എസ്. സ്വാമിനാഥൻ കമ്മിറ്റിയുടെ നിർദ്ദേശം നടപ്പിലാക്കുന്നതിന് ഇൻഡ്യയിൽ അഗ്രിക്കൾച്ചറിന് സ്പെഷ്യൽ അഗ്രികൾച്ചർ സോൺ ഇല്ല. അതുകൊണ്ട് അതിന്റെ നിയമപരമായ കാര്യങ്ങൾക്കായി കേന്ദ്ര ഗവൺമെന്റുമായും ഡോ. എം. എസ്. സ്വാമിനാഥനുമായും ഗവൺമെന്റ് ചർച്ചകൾ നടത്തിവരികയാണ്. കുട്ടനാട് വികസനപാക്കേജ് നടപ്പിലാക്കുന്നതോടുകൂടി അവിടെയുണ്ടാകാനിടയുള്ള പാരിസ്ഥിതിക കാർഷിക സംരക്ഷണത്തിനുവേണ്ട ഗവൺമെന്റ് ഉത്തരവാദിത്വവും കർഷക-സാമൂഹിക ഉത്തരവാദിത്വവുമൊക്കെ നിർവ്വഹിക്കുന്നതിനുള്ള സംവിധാനത്തിന് ഒരു നക്കൽ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly